6. വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ

7. വന്യജീവി ആക്രമണംമൂലമുള്ള കൃഷിനാശം അനുഭവപ്പെടുന്ന വനത്തിനകത്തുള്ള സെറ്റിൽമെന്റുകളിൽനിന്നും കുടുംബങ്ങളെ നഷ്ടപരിഹാരം നൽകി അവരുടെ സമ്മതത്തോടെ മാറ്റിപ്പാർപ്പിക്കുന്നതിനുള്ള നടപടികൾ

8. കാട്ടിലേക്ക് തിരിച്ചയയ്ക്കാൻ സാധിക്കാതെവരുന്ന കാട്ടാനകളെ പിടിച്ച് മെരുക്കുന്നതിനുള്ള ആനപ്പന്തികളുടെ നിർമ്മാണം

9. പ്രശ്നക്കാരായ ആനകളെ പിടിച്ച് മാറ്റുന്നതിനുള്ള എലിഫന്റ് സ്ക്വാഡുകളുടെ പ്രവർത്തനം

10. ആനത്താരകളുടെ ക്രോഡീകരണത്തിന്റെ ഭാഗമായി സ്വകാര്യ സ്ഥലങ്ങൾ ഏറ്റെടുക്കുന്ന നടപടികൾ

11. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും ചെക്ക്ഡാമുകളും നിർമ്മിക്കുന്നതിനും വനവൽക്കരണം നടത്തുന്നതിനുമുള്ള നടപടികൾ

12. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ഭക്ഷണലഭ്യത ഉറപ്പുവരുത്തുന്നതിനായി ഫലവൃക്ഷങ്ങൾ നട്ടുവളർത്തുക.

സംസ്ഥാനത്തെ എല്ലാ ജില്ലകളിലേയും വന്യജീവി ആക്രമണം രൂക്ഷമായ ഭാഗങ്ങളിലെല്ലാംതന്നെ മേൽപ്രതിരോധ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

ആനിമൽ റെസ്ക്യൂ ഷെൽട്ടർ സ്ഥാപിക്കുന്നതിന്

282 (3104) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുജീവിതത്തിന് ഭീഷണി ഉയർത്തുന്ന വന്യജീവികളെയും നാട്ടുമൃഗങ്ങളെയും പാർപ്പിക്കുന്നതിലേക്കായി പരീക്ഷണാടിസ്ഥാനത്തിൽ ആനിമൽ റെസ്ക്യൂ ഷെൽട്ടർ സ്ഥാപിക്കുന്നത് സംബന്ധിച്ച് സാധ്യതാ പഠനം നടത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ ആനിമൽ റെസ്ക്യൂ ഷെൽട്ടർ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി) ഉത്തരം (എ)യുടെ വെളിച്ചത്തിൽ ബാധകമല്ല.

ടി.എസ്.ആർ. സുബ്രഹ്മണ്യം കമ്മിറ്റി-സംസ്ഥാനത്തിന്റെ നിലപാടുകൾ

283 (3105) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടി.എസ്.ആർ. സുബ്രമണ്യം കമ്മിറ്റി ശുപാർശകളിന്മേൽ സർക്കാർ അഭിപ്രായ രൂപീകരണം നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ നിലപാടെന്താണെന്നും അതിനുള്ള കാരണങ്ങളെന്താണെന്നും വിശദമാക്കുമോ ;

(സി) ഇക്കാര്യത്തിൽ സംസ്ഥാനത്തിന്റെ നിലപാടുകൾ അംഗീകരിച്ചുകിട്ടാൻ എന്തൊക്കെ പ്രായോഗിക നിലപാടുകളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേന്ദ്ര വനം-പരിസ്ഥിതി-കാലാവസ്ഥാ വ്യതിയാന മന്ത്രാലയം കൈകാര്യം ചെയ്യുന്ന വിവിധ നിയമങ്ങൾ പരിശോധിച്ച് അവയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ഫലപ്രാപ്തിയിൽ എത്തിക്കാൻ പാകത്തിൽ ഭേദഗതികൾ ശിപാർശ ചെയ്യാൻ മുൻ ക്യാബിനറ്റ് സെക്രട്ടറി ശ്രീ. ടി. എസ്. ആർ. സുബ്രഹ്മണ്യത്തിന്റെ അദ്ധ്യക്ഷതയിൽ 29-8-2014-ൽ രൂപീകരിച്ച കമ്മിറ്റി ശിപാർശകൾ കേന്ദ്രസർക്കാരിന് 2014 നവംബറിൽ സമർപ്പിച്ചു. ഈ ശിപാർശകളിന്മേൽ സർക്കാർ പ്രാഥമിക അഭിപ്രായ രൂപീകരണം നടത്തിയിട്ടുണ്ട്.

(ബി) കമ്മിറ്റിയുടെ ശിപാർശകളിൽ വന്യജീവി സങ്കേതങ്ങളിലും 70 ശതമാനത്തിലധികം വൃക്ഷമേലാപ്പുള്ള വനങ്ങളിലും പ്രവേശന നിഷേധ

LIBRARY ARCHIVES Kerala Legislative Assembly